

## ഫാ.ടോം കുന്നുംപുറത്തിന് സ്വീകരണം നൽകി

ന്യൂയോർക്ക്: അമേരിക്കൻ സന്ദർശനത്തിന് എത്തിയ ചങ്ങനാശേരി എസ്.ബി.കോളേജ് മുൻ പ്രിൻസിപ്പാൾ ഫാ.റ്റോം കുന്നുംപുറത്തിന് എസ്.ബി.ആന്റ് അസംപ്ഷൻ കോളേജ് പൂർവവിദ്യാർത്ഥിസംഘടന സ്വീകരണം നൽകി.

അസംപ്ഷൻ കോളേജ് മുൻ വൈസ് പ്രിൻസിപ്പാളും, സിറ്റി യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്ക് പ്രഫസറുമായ ഡോ.ആനി കോശി, റവ.ഡോ.കെ.കെ.കുര്യാക്കോസ് (കൊളംബിയാ യൂണിവേഴ്സിറ്റി), ഡോ.ഓമന പുതിയാപറമ്പിൽ (കാലിഫോർണിയ), പ്രഫ.ഫിലിപ്പ് ഫിലിപ്പ് (സെന്റ് ഡൊമനിക് കോളേജ്), റവ.ഡോ.പോൾ (മൂലമറ്റം കോളേജ് മുൻ പ്രിൻസിപ്പാൾ) എന്നിവർ യോഗത്തിൽ അതിഥികളായി പങ്കെടുത്തു.

കേരളത്തിൽ വിദ്യാഭ്യാസമേഖല അഭിമുഖീകരിക്കുന്ന പല വിഷയങ്ങളെ കുറിച്ചും ഫാ.ടോം കുന്നുംപുറം സംസാരിച്ചു. വിദേശമലയാളികൾ പ്രത്യേകിച്ച് എസ്.ബി.ആന്റ് അസംപ്ഷൻ കോളേജ് പൂർവവിദ്യാർത്ഥികളും മറ്റു കോളേജുകളിലെ പൂർവവിദ്യാർത്ഥികളും കേരളത്തിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ പരിഹരിക്കുവാൻ തങ്ങളുടെ സ്വാധീനവും, കഴിവുകളും വിനിയോഗിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

അസോസിയേഷൻ നടത്തുവാൻ പോകുന്ന 'താങ്ക്സ് ഗിവിംഗ് കുടുംബസംഗമം' വിജയകരമാക്കുവാൻ വേണ്ട പരിപാടികളെകുറിച്ച് യോഗം ചർച്ച ചെയ്തു. കോളേജുകൾക്കും, പൂർവവിദ്യാർത്ഥികൾക്കും പ്രയോജനപ്രദമായ വിഷയങ്ങളെകുറിച്ച് സംഘടനയുടെ നേതൃത്വത്തിൽ സെമിനാറുകളും ചർച്ചാക്ലാസുകളും നടത്തുന്നതിനു വേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിനും യോഗം തീരുമാനമെടുത്തു. സംഘടനയുമായി ബന്ധപ്പെടുവാനും പരിപാടികളിൽ പങ്കെടുക്കുവാനും എല്ലാ പൂർവവിദ്യാർത്ഥികളെയും ഭാരവാഹികൾ സ്വാഗതം ചെയ്തു.

കൂടുതൽ വിവരങ്ങൾക്ക്: ജോൺ പി.ചാക്കോ – 914 962 715, ബാബു ഇടനാട് – 516 746 0682, ഡോ.ആനി കോശി – 718 543 3044, വർഗീസ് തോമസ് – 516 414 1227, ഡോ.ജോർജ്ജ് പുതുമന – 631 580 2545, ജോളി ജേക്കബ് – 516 248 0564, ആന്റണി പുത്തൻപുര – 516 567 1352, റെജി കുര്യൻ – 718 591 2459.